**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2681** **06-10-2025 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ ഉല്പാദന വിതരണരീതികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൈത്തറി മേഖലയിലെ ഉല്പാദന വിതരണരീതികൾ നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കൈത്തറി മേഖലയിലെ ഉല്പാദന വിതരണ രീതികൾ നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി നടപ്പിലാക്കി വരുന്ന ചില പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി<br>2. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ<br>3. യുവ വീവ് പദ്ധതി<br>4. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി<br>5. കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും<br>6. പരിശീലന വൈദഗ്ധ്യവികസന പരിപാടി<br><br>സംസ്ഥാനത്തെ പരമ്പരാഗത കൈത്തറി മേഖലയിലെ ഉൽപാദനം മെച്ചപ്പെടുത്തി മേഖല ശക്തീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്നതാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പദ്ധതിയിൽ ഉൾപ്പെട്ട കൈത്തറി സഹകരണ സംഘങ്ങൾക്ക് സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾ ഉൽപാദിപ്പിക്കുന്ന നൂൽ ലഭ്യമാക്കി നെയ്ത്തുകാരെ സജ്ജരാക്കി കൂലിയും നൽകി തുണി നെയ്യുന്നു. ഇപ്രകാരം നെയ്യുന്ന തുണി ഡൈയിംഗിനു ശേഷം സംസ്ഥാനത്താകെയുള്ള അർഹരായ സ്കൂൾ കുട്ടികൾക്ക് നൽകുന്നതിനായി സ്കൂളുകളിലേയ്ക്ക് കേരള സ്റ്റേറ്റ് ഹാന്റ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റക്സ്)/ കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) വഴി കൃത്യമായ രീതിയിൽ വിതരണം ചെയ്യുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഇപ്രകാരം സംസ്ഥാനത്തെ കൈത്തറി |

| | | | |
|---|---|---|---|
| | | | സംഘങ്ങളുടെ ഉൽപാദനവും വിതരണ സമ്പ്രദായവും മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.<br><br>കൂടാതെ, കൈത്തറി മേഖലയിലെ ഉൽപാദന നവീകരണത്തിനും വിപുലീകരണത്തിനുമായി ഹാന്റക്സ്/ ഹാൻവീവ് എന്നിവയിലൂടെ ചുവടെ ചേർക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു.<br><br>**<u>ഹാന്റക്സ്</u>**<br><br>ഉത്പാദന നവീകരണത്തിന്റെ ഭാഗമായി, ഉയർന്ന ഗുണനിലവാരമുള്ള നൂൽ ലഭ്യമാക്കി, പരമ്പരാഗത കൈത്തറി ഉത്പന്നങ്ങൾ പ്രീമിയം ഗുണനിലവാരത്തിൽ ഉത്പാദിപ്പിച്ച് ഉപഭോക്താവിന് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനോടൊപ്പം നെയ്ത്തുകാർക്ക് ഉയർന്ന വേതനവും ലഭ്യമാക്കി വരുന്നു.<br><br>കൈത്തറി മേഖലയിലെ അതിവിദഗ്ദരായ തൊഴിലാളികളെ ഉൾപ്പെടുത്തി, പരുത്തി നൂലിന് പുറമെ ലിനൻ, സിൽക്ക് എന്നിവ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.<br><br>**<u>ഹാൻവീവ്</u>**<br><br>കൈത്തറി നെയ്ത്ത് മേഖലയുടെ നവീകരണത്തിനും നെയ്ത്തുകാരുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ സഹായത്തോടു കൂടി തൊഴിലാളികൾക്ക് കൈത്തറി നെയ്ത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതിനോടൊപ്പം ആകർഷകവും ഗുണമേന്മയുള്ളതുമായ തുണിത്തരങ്ങളുടെ ഉൽപ്പാദനത്തിനായി മോട്ടോറൈസ്ഡ് ചർക്ക, ഇലക്ട്രോണിക് ജക്കാർഡ്, യന്ത്രവൽകൃത വാർപ്പിംഗ് യൂണിറ്റുകൾ, പുതിയ തറികൾ, വർക്ക് ഷെഡുകൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ഹാൻവീവ് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | കൈത്തറി ഉല്പന്നങ്ങൾ സംസ്ഥാനത്തിന്റെ സകല മേഖലകളിലെയും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | കൈത്തറി ഉൽപന്നങ്ങൾ സംസ്ഥാനത്തിന്റെ സകല മേഖലകളിലേയും ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു.<br><br>ഇതിന്റെ ഭാഗമായി, സംസ്ഥാനത്ത് വിഷു, റംസാൻ, ഓണം, ക്രിസ്തുമസ് തുടങ്ങിയ വിവിധ ഉത്സവകാലങ്ങളിലും സ്കൂൾ യൂണിഫോം വിൽപന കാലങ്ങളിലും കൈത്തറി ഉൽപന്ന വിൽപനയ്ക്കായി സർക്കാർ റിബേറ്റ് അനുവദിച്ചു നൽകി വരുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ ഉത്സവകാലങ്ങളിൽ സംസ്ഥാന/ജില്ലാ തലങ്ങളിൽ |

എക്സിബിഷനുകളും സംഘടിപ്പിച്ചു വരുന്നു. വിവിധ ഉത്സവകാലങ്ങളിൽ കൈത്തറി വിപണന മേളകളിൽ പങ്കെടുക്കുന്ന സംഘങ്ങൾക്ക് എക്സിബിഷൻ ഗ്രാന്റ് നൽകി വരികയും ചെയ്യുന്നു.

ഗുണമേന്മയുള്ള കൈത്തറി ഉൽപന്നങ്ങൾ എല്ലാ മേഖലകളിലുമുള്ള ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി "പ്രീമിയം ഉൽപന്നങ്ങൾ"ക്കായി ഉയർന്ന ഗുണനിലവാരമുള്ള നൂൽ വാങ്ങുന്നതിന് 50% സബ്സിഡി നൽകുന്നതിനുള്ള പുതിയ പദ്ധതി രൂപകൽപന ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കൈത്തറി ഉൽപന്നങ്ങളുടെ നിർമ്മാണത്തിൽ നിശ്ചിത നിലവാരം ഉറപ്പുവരുത്തിയും വിപണി മെച്ചപ്പെടുത്തിയും വിവിധ മേഖലകളിലുള്ളവരെ കൈത്തറി ഉൽപന്നങ്ങളിലേയ്ക്ക് ആകർഷിക്കുവാനായി "കേരള കൈത്തറി മുദ്ര" "ക" ബ്രാൻഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് 2 കൈത്തറി ഡിസൈൻ സ്റ്റുഡിയോകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൈത്തറി ഉൽപന്നങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിയ്ക്കുന്നതിന്റെ ഭാഗമായി വിവിധ പ്രദർശനമേളകളിൽ പങ്കെടുക്കുകയും സമൂഹത്തിലെ പ്രശസ്ത/ഉന്നത വ്യക്തികളെ ഉൾപ്പെടുത്തി കൈത്തറി വസ്ത്ര ഉപയോഗം പ്രചരിപ്പിക്കുന്നതിനായി പ്രോത്സാഹന പദ്ധതികൾ/സാമൂഹിക മാധ്യമങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങിയവ ഹാന്റക്സ്/ ഹാൻവീവ് നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ഹാന്റക്സ്/ ഹാൻവീവ് എന്നിവയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിന് നൂതന ഓൺ ലൈൻ പ്ലാറ്റ്ഫോമുകളും വികസിപ്പിച്ചു വരുന്നു.

വിവിധ മേഖലകളിലെ ജനങ്ങളിലേയ്ക്ക് കൈത്തറി ഉത്പന്നങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന സർക്കാരിന്റെ k-shoppe പോർട്ടൽ വഴിയും, ആമസോൺ ഓൺലൈൻ വെബ്സൈറ്റ് വഴിയും കൈത്തറി ഉത്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്ന പദ്ധതി ഹാന്റക്സ് നടപ്പിലാക്കി വരുന്നു.

കൂടാതെ, വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ / അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എൽ.ഐ.സി, ഷെഡ്യൂൾഡ് ബാങ്ക് എന്നീ മേഖലകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് ക്രെഡിറ്റിൽ ഉത്പന്നങ്ങൾ നൽകുന്നതിനായി ഇ-

| | | | |
|---|---|---|---|
| | | | ക്രെഡിറ്റ് കാർഡ് പദ്ധതിയും ഹാന്റക്സ് നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൈത്തറി മേഖലയിലെ മൂല്യവർധിത ഉൽപന്നങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി Proud-e എന്ന പേരിൽ പ്രീമിയം കൈത്തറി ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി "ഗിഫ്റ്റ് ബോക്സ് " ഹാൻവീവ് വിപണനം ചെയ്യുന്നു. കൂടാതെ, കൈത്തറി ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കൈത്തറി വസ്തുങ്ങളുടെ കോംബോ പായ്ക്കുകളും "ശ്രേഷ്ഠം" തുടങ്ങിയ പുതിയ ബ്രാൻഡുകളും ഹാൻവീവ് വിപണിയിലിറക്കിയിട്ടുണ്ട്. ഇതിനു പുറമേ, ഉൽപന്ന വിപണനത്തിനായി സംസ്ഥാനത്തെ വിവിധ സഹകരണസംഘങ്ങളുമായും പൊതുമേഖലാ സ്ഥാപനങ്ങളുമായും ഹാൻവീവ് പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ